# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5550** **02/07/2014-ൽ മറുപടിക്ക്**

## കെ.എസ്.ഡി.പി.യിൽ നിന്നും ലഭിച്ച മരുന്നുകൾ തിരിച്ചയച്ചത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>" തോമസ് ചാണ്ടി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിർദ്ദേശ പ്രകാരം കെ.എസ്.ഡി.പി. അയച്ച 13 മരുന്നുകളിൽ ഏഴെണ്ണം തിരിച്ചയച്ചതിന്റെ കാരണം വ്യക്തമാക്കാമോ ; ഈ നടപടികൾക്കായി നിർദ്ദേശം നൽകിയതാരെന്ന് വ്യക്തമാക്കുമോ ; | (എ) | കോർപ്പറേഷന്റെ പർച്ചേസ് ഓർഡറിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു സപ്ലൈ ചെയ്ത മരുന്നുകളൊന്നും തന്നെ തിരിച്ചയച്ചിട്ടില്ല. മാനദണ്ഡ ങ്ങൾ പാലിക്കാതെ സപ്ലൈ ചെയ്യുന്ന മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ സ്വീകരി ക്കാറില്ല. 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷന്റെ ടെൻഡർ വ്യവസ്ഥ പ്രകാരം കോർപ്പറേഷന് നൽകുന്ന മരുന്നുകൾക്ക് കുറഞ്ഞത് 85% കാലാവധി (ഷെൽഫ് ലൈഫ്) ഉണ്ടായിരിക്കണമെന്നും, നൽകുന്ന മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയ സർട്ടിഫിക്കറ്റുകൾ നൽകണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം നൽകിയ ഓർഡർ പ്രകാരം പ്രസ്തുത മാനദണ്ഡം പാലിക്കാതെ സപ്ലൈ ചെയ്ത മരുന്നുകൾ വെയർഹൗസുകൾ തിരിച്ചയക്കുക യുണ്ടായി. എന്നാൽ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി. പി.യെ സഹായിക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷൻ ടെണ്ടറിന് മുമ്പ് കെ.എസ്.ഡി.പി. ഉൽപ്പാദനം പൂർത്തിയാക്കിയ മരുന്നുകളിൽ 12 മാസത്തിൽ കൂടുതൽ കാലാവധിയുള്ളതും എൻ.എ.ബി. എൽ ലാബ് പരിശോധനാ സർട്ടിഫിക്കറ്റ് ഇല്ലാത്തതുമായ 9 ഇനം മരുന്നുകൾ കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങുവാൻ ഡയറക്ടർ ബോർഡ് അനുമതി നൽകുകയും അവ സ്വീകരിക്കുവാൻ വെയർഹൗസുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സ്വകാര്യ മരുന്ന് നിർമ്മാണ കമ്പനികളുടെ അസ്സോസിയേഷനുമായി ബന്ധമുള്ള ചിലരുടെ ഇടപെടൽ മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ